**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ രംഗം നവീകരിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറുന്നതോടുകൂടി സംസ്ഥാനത്തിന് ലഭിക്കേണ്ട ഒൻപതിനായിരം കോടി രൂപയുടെ ഗ്രാൻഡ് നഷ്ടമാകുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി 10,475.03 കോടി രൂപയുടെ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും സ്മാർട്ട് മീറ്റർ പദ്ധതിക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് 2,606.24 കോടി രൂപയാണ്. ഇതു കൂടാതെ 13126.53 കോടി രൂപയുടെ വിതരണ - ഉപ പ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കും വേണ്ടിയുള്ള അധിക പദ്ധതികൾ കൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7875.92 കോടി രൂപ കേന്ദ്ര സർക്കാറിന്റെ ധന സഹായം ലഭിക്കാൻ സാധ്യതയുണ്ട്.<br><br>ഇതുവരെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ നിന്നും പിന്മാറുന്നതിനുള്ള തീരുമാനം ഒന്നും കൈകൊണ്ടിട്ടില്ല. എന്നാൽ 2023 ജൂലൈ 10, 11 തീയതികളിൽ ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര സർക്കാർ നടത്തിയ Review Planning Meetings-ലെ മിനിറ്റ്സിൽ 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള വൈദ്യുതചാർജ്ജ്, കുടിശ്ശികയായതിനാൽ RDSS-ന്റെ Pre-Qualification മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സഹായം കൂടാതെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിയുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇതുവരെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ നിന്നും പിന്മാറുന്നതിനുള്ള തീരുമാനം ഒന്നും കൈ കൊണ്ടിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ